LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്ക് ആവശ്യമായ നയസമീപനങ്ങളും നടപടികളുമാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചുവരുന്നത്. പുനരുദ്ധാരണം ആവശ്യമായ പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 718.50 കോടിരൂപ ഇത്തരത്തിൽ വിവിധ പദ്ധതികൾക്കായി സർക്കാർ ഇതിനകംതന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ മറ്റു സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന വിപണനമേഖല വിപുലീകരിക്കുവാൻ ആവശ്യമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു.*

(സി) 2013-14 സാമ്പത്തിക വർഷത്തിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു.*

പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം

236 (581) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പൊതുമേഖലാ സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തി വരുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ മോണിറ്ററിംഗ്, ഇവാലുവേഷൻ, ഇംപാക്ട് അസെസ്സ്മെന്റ് എന്നിവ നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിനും ആധുനിക വൽക്കരിക്കുന്നതിനുമായി നൂതന സാങ്കേതികവിദ്യയുടെ കൂട്ടിച്ചേർക്കൽ, മികവുറ്റ ഉൽപ്പാദന സംവിധാനങ്ങൾ, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നിവ ഉൾപ്പെടുന്ന വിവിധ പദ്ധതികളാണ് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നത്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് പ്രത്യേക പഠനം നടത്തുന്നില്ല. എന്നാൽ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾ സമർപ്പിക്കുന്നത് വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്.

(സി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി മാസംതോറും അവലോകനം ചെയ്യുന്നതിനായി പ്രത്യേക അവലോകന സംവിധാനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. റിയാബിന്റെ അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും റിയാബ് നേരിട്ടും മൂന്ന് മാസത്തിലൊരിക്കലും അർദ്ധവാർഷികമായും വ്യവസായ വകുപ്പ് മന്ത്രിയുടെയും വകുപ്പ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ പ്രത്യേകമായും അവലോകനം നടത്തുകയും സ്ഥാപനങ്ങളുടെ യഥാർത്ഥ ലാഭനഷ്ടം അറിയുന്നതിന് വേണ്ടി കണക്കുകൾ പൂർത്തീകരിച്ച് ആഡിറ്റുകൾ യഥാസമയം നടത്തുന്നതിന്റെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിലയിരുത്തലിനും ഇംപാക്ട് അസ്സസ്മെന്റ് നടത്തുന്നതിനും ആവശ്യമെങ്കിൽ വിദഗ്ധ ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതാണ്.

എമർജിംഗ് കേരള സംഗമം

237 (582) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly